കടലാക്രമണ പ്രക്രിയകൾ ശാസ്ത്രീയമായി മനസ്സിലാക്കുന്നതിനും, പ്രതിരോധ പരിപാടികൾ ഗവേഷണ വിധേയമാക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇടിമിന്നലിനെക്കുറിച്ചുള്ള പഠനങ്ങളും സെന്ററിൽ നടന്നുവരുന്നുണ്ട്.

കാർഷിക വായ്പകളുടെ പലിശനിരക്ക്

89 [1665] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക വായ്പകളുടെ പലിശനിരക്ക് കുറയ്ക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(സി) വിവിധ ഏജൻസികൾ മുഖേന കാർഷിക വായ്പയ്ക്ക് ഇപ്പോൾ ഈടാക്കി വരുന്ന പലിശ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(ഡി) കാർഷിക വായ്പയെ തുടർന്നുള്ള ജപ്തി നടപടികൾ ഒഴിവാക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനങ്ങൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കൃഷി വകുപ്പിൽ ലഭിച്ചിട്ടില്ല.

(സി) വിവിധ ധനകാര്യ ഏജൻസികൾ മുഖാന്തിരം കാർഷിക വായ്പക്ക് ഇപ്പോൾ ഈടാക്കിവരുന്ന പലിശകളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ഉണ്ട്. 2001-ലെ കേരള കാർഷിക കടക്കാർ (താൽക്കാലിക ആശ്വാസം) ആക്ടിലെ നിയമ പ്രകാരം കാർഷിക കടാശ്വാസം നൽകുന്നതിനായി 2004-2005-ലെ ബഡ്ജറ്റിൽ 25 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ആക്ടിൽ കർഷകൻ എന്ന നിർവ്വചനത്തിൽ വരുന്ന വ്യക്തിക്ക് 29-12-2001-ന് ശേഷമുള്ള പ്രസ്തുത ആക്ടിലെ കടം എന്ന നിർവ്വചനപ്രകാരമുള്ള സ്ഥാപനങ്ങളിൽ ഇന്നും നിലനിൽക്കുന്നതായ കാർഷിക കടങ്ങൾക്ക് മാത്രം 23-1-2004 മുതൽ ഒരു വർഷത്തേക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. മോറട്ടോറിയം കാലയളവിൽ പലിശക്കും പിഴപ്പലിശക്കും ഇളവ് നൽകിയിട്ടുണ്ട്. ഹ്രസ്വകാല വായ്പകൾ മധ്യകാല വായ്പകളായി മാറ്റുന്ന നടപടികൾ ആരംഭിച്ചിട്ടുള്ള സാഹചര്യത്തിലും ദീർഘകാല വായ്പകളുടെ കാലാവധി ഒരുവർഷം കൂടി ദീർഘിപ്പിച്ച സാഹചര്യത്തിലും ആറുമാസ കാലയളവിനുള്ളിൽ വായ്പ തുകകൾ തിരികെ അടയ്ക്കാൻ കഴിയില്ലെന്ന് ബോധ്യമായ സാഹചര്യത്തിൽ കാർഷിക വായ്പകൾ ഈടാക്കുന്നതിൽ ജപ്തി ഉൾപ്പെടെയുള്ള എല്ലാ നിയമ നടപടികളും ഒരു വർഷത്തേക്ക് നിർത്തിവച്ചുകൊണ്ട് സഹകരണസംഘം രജിസ്ട്രാറുടെ 17-4-2004-ലെ 17/2004-ാം നമ്പർ സർക്കുലർ പ്രകാരം ഉത്തരവായിട്ടുണ്ട്. 17-4-2004 മുതൽ ഈ ഉത്തരവ് പ്രാബല്യത്തിൽ വന്നു. ആയതിനാൽ ഈ കാലയളവിൽ ജപ്തി നടപടി ഉണ്ടാവുകയില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly